# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2065.  18.06.2013 ൽ മറുപടിയ്ക്ക്.

**ബീക്കൺ ലൈറ്റ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, കെ. അജിത്<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. രാജു | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| (എ) ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നവരാണ് വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | നിയമനിർമ്മാണം, എക്സിക്യൂട്ടീവ്, ജുഡീഷ്യറി തുടങ്ങിയ വിഭാഗങ്ങളിൽ വിവിധ പദവി വഹിക്കുന്നവർക്ക് ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. |
| (ബി) ഏതെല്ലാം ബീക്കൺ ലൈറ്റുകളാണ് പ്രചാരത്തിലുള്ളത്; ഓരോ വിഭാഗത്തിൽപ്പെട്ടവരും ഏതു കളർ ബീക്കൺ ലൈറ്റുകളാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഫ്ലാഷറോട്ടുകൂടിയ ചുവന്ന ലൈറ്റ്, ഫ്ലാഷറില്ലാത്ത ചുവന്ന ലൈറ്റ്, ഫ്ലാഷറോട്ടുകൂടിയ നീല ലൈറ്റ്, ഫ്ലാഷറോട്ടുകൂടിയതോ അല്ലാത്തതോ ആയ നീല ലൈറ്റ്, ചുവപ്പും നീലയും വെള്ളയും നിറങ്ങളോട്ടുകൂടിയ മൾട്ടികളേഡ് ലൈറ്റ് എന്നീ ബീക്കൺ ലൈറ്റുകളാണ് നിലവിലുള്ളത്.<br><br>കേന്ദ്ര സർക്കാർ വിജ്ഞാപനപ്രകാരം താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് ഫ്ലാഷറോട്ടുകൂടിയ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. |

| | |
|---|---|
| 1. | രാഷ്ട്രപതി |
| 2. | ഉപരാഷ്ട്രപതി |
| 3. | പ്രധാനമന്ത്രി |
| 4. | മുൻ രാഷ്ട്രപതിമാർ |
| 5. | ഉപ പ്രധാനമന്ത്രി |
| 6. | ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് |
| 7. | ലോക് സഭാ സ്പീക്കർ |
| 8. | യൂണിയൻ ക്യാബിനറ്റ് മന്ത്രിമാർ |
| 9. | ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ |
| 10. | മുൻ പ്രധാനമന്ത്രിമാർ |
| 11. | രാജ്യസഭയിലേയും ലോക് |

| | |
|---|---|
| | സഭയിലേയും പ്രതിപക്ഷ നേതാക്കൾ |
| 12. | സുപ്രീം കോടതി ജഡ്ജിമാർ |

താഴെ പറയുന്ന പദവി വഹിക്കുന്നവർക്ക് ഫ്ലാഷറില്ലാത്ത ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| 1. | മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ |
| 2. | കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ |
| 3. | രാജ്യസഭ ഉപാധ്യക്ഷൻ |
| 4. | ലോക് സഭാ ഡെപ്യൂട്ടി സ്പീക്കർ |
| 5. | യൂണിയനിലെ സംസ്ഥാന മന്ത്രിമാർ |
| 6. | ആസൂത്രണ കമ്മീഷൻ അംഗങ്ങൾ |
| 7. | അറ്റോർണി ജനറൽ ഓഫ് ഇന്ത്യ |
| 8. | ക്യാബിനറ്റ് സെക്രട്ടറി |
| 9. | ജനറൽ അല്ലെങ്കിൽ തത്തുല്യ പദവി വഹിക്കുന്ന മൂന്ന് സേനാ വിഭാഗങ്ങളുടേയും മേധാവികൾ |
| 10. | യൂണിയനിലെ സഹ മന്ത്രിമാർ |
| 11. | ഒഫീഷ്യേറ്റിംഗ് ചീഫ് ഓഫ് സ്റ്റാഫ് അല്ലെങ്കിൽ ലഫ്റ്റനന്റ് ജനറൽ അല്ലെങ്കിൽ തത്തുല്യ പദവി വഹിക്കുന്ന വ്യക്തി |
| 12. | സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചെയർമാൻ |
| 13. | ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ |
| 14. | പട്ടികജാതി, പട്ടിക വർഗ്ഗ കമ്മീഷൻ ചെയർമാൻ |
| 15. | യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ |

മേൽ പ്രസ്താവിച്ച വ്യക്തികൾക്ക് തത്തുല്യമായ പദവി വഹിക്കുന്നവർക്ക് ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.

ആഭ്യന്തര മന്ത്രാലയം പേഴ്സണൽ കപ്പാസിറ്റിയ്ക്ക് അനുസരിച്ച് നിയുക്ത പദവി നല്കിയിട്ടുള്ള വ്യക്തികൾ സഞ്ചരിക്കുന്ന വാഹനങ്ങളിൽ

| | | | |
|---|---|---|---|
| | | | അനുസരിച്ച് നിയുക്ത പദവി നല്കിയിട്ടുള്ള വ്യക്തികൾ സഞ്ചരിക്കുന്ന വാഹനങ്ങളിൽ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്.<br>കേരളത്തിൽ വിശിഷ്ട വ്യക്തികൾ സഞ്ചരിക്കുന്ന വാഹനങ്ങളിലും മറ്റു പ്രത്യേക വാഹനങ്ങളിലും ഉപയോഗിക്കാവുന്ന ബീക്കൺ ലൈറ്റുകളെ സംബന്ധിച്ചുള്ള വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധം -1, അനുബന്ധം - 2 എന്നിവയായി ചേർത്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ടവർ വാഹനങ്ങളിൽ സൈറൺ ഉപയോഗിച്ചുവരുന്നുണ്ട് ; | (സി) | കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 119 (3) പ്രകാരം ആംബുലൻസ്, ഫയർ ഫൈറ്റിംഗ് വാഹനങ്ങൾ, പോലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ എന്നിവയിൽ രജിസ്റ്ററിംഗ് അതോറിറ്റി അംഗീകരിച്ച രീതിയിലുള്ള സൈറൺ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | ബീക്കൺ ലൈറ്റുകളുടെ ഉപയോഗം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സുപ്രീംകോടതി വിധി യുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ദുരുപയോഗം തടയുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സുപ്രീംകോടതിയുടെ ഉത്തരവ് ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബീക്കൺ ലൈറ്റുകൾ നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**